**മധുരമായ കുട്ടികളേ - ബാബയുടെ വലംകൈയ്യായി, സേവന തത്പരരായി ശ്രീമതത്തിൽ പരിപൂർണ്ണമായ ശ്രദ്ധ നൽകൂ, പത്രങ്ങളിൽ എന്തെങ്കിലും സേവനത്തിന്റെ കാര്യം വരികയാണെങ്കിൽ അത് പഠിച്ച് സേവനത്തിൽ പ്രയോഗിക്കൂ.**

**ചോദ്യം:-** ബാബയുടെ പേര് നിങ്ങൾ കുട്ടികൾക്ക് എപ്പോൾ പ്രസിദ്ധമാക്കാൻ സാധിക്കും?
**ഉത്തരം:-** നിങ്ങളുടെ പെരുമാറ്റം വളരെ റോയലും പക്വവുമാകുമ്പോൾ. നിങ്ങൾ ശക്തികളുടെ പെരുമാറ്റം പെൺമയിലിനെ പോലെയായിരിക്കണം. നിങ്ങളുടെ വായിലൂടെ സദാ ജ്ഞാന രത്നങ്ങൾ വരണം, കല്ലല്ല. കല്ല് പൊഴിക്കുന്നവർ പേര് മോശമാക്കുന്നു. പിന്നീട് അവരുടെ പദവിയും ഭ്രഷ്ടമാകുന്നു. ബാബയുടേതായിട്ട് ഒരു വികർമ്മവും ഉണ്ടാകരുത്- ഈ കാര്യത്തിന്റെ പരിപൂർണ്ണമായ ശ്രദ്ധ വയ്ക്കണം.

**ഗീതം:-** ഉപേക്ഷിച്ചു വരൂ ആകാശ സിംഹാസനം....

**ഓം ശാന്തി**. കുട്ടികൾ ഗീതം കേട്ടു. ഓർമ്മിക്കുന്നു- അല്ലയോ പരംപിതാ പരമാത്മാ, നിരാകാര രൂപം മാറി സാകാരത്തിലേക്ക് വരൂ. പരമാത്മാവ് ഏത് രൂപത്തിലേക്ക് മാറും. ഇങ്ങനെ പറയില്ല ആമയുടേയും-മത്സ്യത്തിന്റേയും രൂപത്തിൽ വരൂ. ഇല്ല. ഇതാണ് പാപാത്മാക്കളുടെ ലോകം. വിളിക്കുന്നത് പാവനമാക്കാൻ വേണ്ടിയാണ്. അഥവാ സർവ്വവ്യാപിയാണെങ്കിൽ പിന്നെ ആരെയാണ് വിളിക്കുന്നത്? ഇപ്പോൾ ഈ ഗീതമാണെങ്കിൽ റേഡിയോയിൽ പോലും പാടുന്നുണ്ട്. എന്നാൽ ആരും മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ പെൺകുട്ടികൾ പത്രമൊന്നും പഠിക്കുന്നില്ല. വിദ്യാഭ്യാസമെല്ലാമുണ്ട് എന്നാലും പത്രം വായിക്കാനുള്ള താത്പര്യമില്ല. ബാക്കിയുള്ളത് ഗോപൻമാരാണ്, അതിലും ചിലർക്ക് സേവനത്തിനുള്ള താത്പര്യമുണ്ടായിരിക്കും അതായത് ഏത് രീതിയിൽ പത്രത്തിലൂടെ സേവനത്തിനുള്ള വഴി കണ്ടെത്തും. ബ്രാഹ്മണ കുല ഭൂഷണരാണെങ്കിൽ വളരെ പേരുണ്ട്, എന്നാൽ അതിലും കോടിയിൽ ചിലർ മാത്രമാണ് പത്രത്തിൽ കണ്ട് ഉടൻ സേവനം ചെയ്യാൻ തുടങ്ങുന്നത്. ബാബ വലം കൈ ആക്കിയത് മാതാക്കളെയാണ്. ഗോപൻമാർ അനുസരിക്കാൻ പ്രയാസമാണ്, ചില വിരളം പേരേ യഥാർത്ഥ രീതിയിൽ ശ്രീമതത്തിൽ അറ്റൻഷൻ നൽകുന്നുള്ളൂ. ഇതൊരു പോയന്റാണ്- ഭ്രഷ്ടാചാരവും ശ്രേഷ്ഠാചാരവും. ഭ്രഷ്ടാചാരിയാണ് വിളിക്കുന്നത് അതായത്- അല്ലയോ ഭഗവൻ, വരൂ, വന്ന് ശ്രേഷ്ഠാചാരിയാക്കൂ. എല്ലാവരും തീർച്ചയായും ഭ്രഷ്ടാചാരികളാണ്. പറയാറുണ്ട് ഏതുപോലെയാണോ രാജാവും-റാണിയും അതുപോലെയായിരിക്കും പ്രജയും. ഏതുപോലെ രാജാവും-റാണിയും അർത്ഥം ഗവൺമെന്റ് അതുപോലെ പ്രജ അർത്ഥം ജനങ്ങൾ. ഇത് കുട്ടികൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ട് അതായത് ഭാരതം സദാ ശ്രേഷ്ഠാചാരിയായിരുന്നു, സ്വർഗ്ഗമായിരുന്നു. സ്വർഗ്ഗത്തിലും അഥവാ ഭ്രഷ്ടാചാരികളുണ്ടെങ്കിൽ പിന്നെങ്ങനെ അതിനെ സ്വർഗ്ഗമെന്ന് പറയും? സ്വർഗ്ഗത്തിന്റെ സ്ഥാപന തീർച്ചയായും ബാബ തന്നെയായിരിക്കും ചെയ്തിട്ടുണ്ടാകുക, അവരെ തന്നെയാണ് ഓർമ്മിക്കുന്നത്. ഭ്രഷ്ടാചാരി തന്നെയാണ് വിളിക്കുന്നത്, ശ്രേഷ്ഠാചാരി ഒരിക്കലും വിളിക്കുന്നില്ല. ഭാരതം വലിയ ശ്രേഷ്ഠാചാരിയായിരുന്നു, സ്വർഗ്ഗമായിരുന്നു, ഇപ്പോഴാണെങ്കിൽ നരകമാണ്. അപ്പോൾ നരകത്തിൽ തീർച്ചയായും ഭ്രഷ്ടാചാരിയായിരിക്കും ഉണ്ടായിരിക്കുക. ശ്രേഷ്ഠാചാരിയുടെ തെളിവ് കാണിച്ച് കൊടുക്കൂ. നിങ്ങൾക്ക് ചിത്രം കാണിക്കാൻ സാധിക്കും- സത്യയുഗത്തിൽ തീർത്തും ഏതുപോലെയായിരുന്നോ രാജാവും- റാണിയും അതുപോലെയായിരുന്നു പ്രജയും, ഈ ലക്ഷ്മീ-നാരായണനെ നോക്കൂ ശ്രേഷ്ഠാചാരിയായിരുന്നില്ലേ. പേര് തന്നെ സ്വർഗ്ഗം എന്നാണ്. ദ്വാപരത്തിൽ ഇങ്ങനെയുള്ള രാജാ-റാണിമാരുടെ ക്ഷേത്രമുണ്ടാക്കി പൂജിക്കുന്നു. അപ്പോൾ തീർച്ചയായും സ്വയം ഭ്രഷ്ടാചാരിയാണ്. സ്വയത്തെ പറയുന്നുമുണ്ട് ഞങ്ങൾ ഭ്രഷ്ടാചാരികളും, കാമികളും, ക്രോധികളും, പാപികളുമാണ്. അങ്ങ് സർവ്വഗുണ സമ്പന്നനും... ആണ്. ഭാരതത്തിലാണ് ഭ്രഷ്ടാചാരി ശ്രേഷ്ഠാചാരിയുടെ മഹിമ ചെയ്യുന്നത്. ഭ്രഷ്ടാചാരി രാജാക്കൻമാരുടെ അടുത്ത് ശ്രേഷ്ഠാചാരി ദേവതകളുടെ ക്ഷേത്രമുണ്ട്. മഹിമ പാടിക്കൊണ്ടിരിക്കുന്നു, നമിക്കുകയും, വന്ദിക്കുയും, പൂജിക്കുകയും ചെയ്തുകൊണ്ടേയിരിക്കുന്നു. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ധർമ്മസ്ഥാപനാർത്ഥം മുകളിൽ നിന്ന് ഏതെല്ലാം ആത്മാക്കളാണോ വരുന്നത് അവർ തീർച്ചയായും സതോപ്രധാന ശ്രേഷ്ഠാചാരികളായിരിക്കും. ഇനി മായയുടെ രാജ്യമാണെങ്കിലും ആദ്യമാദ്യം വരുന്നവർ സതോപ്രധാനമായിരിക്കും അപ്പോഴാണ് അവരുടെ മഹിമയുണ്ടാകുന്നത്. പിന്നീട് സതോ, രജോ, തമോയിലേക്ക് വരുന്നു. ദേവതകളും ശ്രേഷ്ഠാചാരികളായിരുന്നു. ഓരോരുത്തർക്കും സതോ, രജോ, തമോയിലേക്ക് വരിക തന്നെ വേണം, ഭ്രഷ്ടാചാരിയാകുക തന്നെ വേണം. അഴിമതി ഇല്ലാതാക്കാൻ പരിശ്രമിക്കുന്ന ചില സ്ഥാപനങ്ങളെക്കുറിച്ച് പത്രങ്ങളിൽ വരാറുണ്ട്. ഇപ്പോൾ ശ്രേഷ്ഠാചാരികളായ ദേവതകളുടെ ക്ഷേത്രമുണ്ടാക്കി പൂജിച്ച് വരുന്നു. താങ്കൾ തന്നെയായിരുന്നു പൂജ്യ ശ്രേഷ്ഠാചാരിയായിരുന്നത്

പിന്നീട് താങ്കൾ തന്നെയാണ് പൂജാരി ഭ്രഷ്ടാചാരിയായി ഇരുന്ന് പൂജ്യ ദേവീ-ദേവതകളെ പൂജിക്കുന്നത്. ഇപ്പോൾ നിങ്ങൾക്കെഴുതാൻ സാധിക്കും ഏതുപോലെയാണോ രാജാവും-റാണിയും അതുപോലെ പ്രജയും സത്യയുഗത്തിൽ ശ്രേഷ്ഠാചാരിയായിരുന്നു, നിർവ്വികാരീ ലോകമായിരുന്നു. അതിന് ശേഷമാണ് പിന്നീട് കലകൾ കുറയുന്നത്. ഭാരതത്തിന് താഴേക്ക് വരിക തന്നെ വേണം. ഈ കളി തന്നെ ഭാരതത്തിലാണ്. അരകൽപം ഭാരതം ശ്രേഷ്ഠാചാരിയായിരുന്നു. സദാ ഏകരസവുമല്ല. 16 കലയിൽ നിന്ന് 14 കലയിലേക്ക് വരിക തന്നെ വേണം. പതുക്കെ-പതുക്കെ കലകൾ കുറയുന്നു. തമോപ്രധാനമായി മാറുന്നു. ബാബ പറയുന്നു എപ്പോളെപ്പോളാണോ അതി ഭ്രഷ്ടമാകുന്നത് അപ്പോൾ ഞാൻ വരുന്നു. പതിതരെ ഭ്രഷ്ടാചാരിയെന്നും, പാവനമായവരെ ശ്രേഷ്ഠാചാരിയെന്നും പറയുന്നു. ഇതാണെങ്കിൽ തീർത്തും വിവേകത്തിന്റെ കാര്യമാണ്.

ശ്രീമദ് ഭഗവത് എന്ന് പറയാറുണ്ട്. ശ്രീമത് എന്താണ് ചെയ്യുന്നത്? അത് ശ്രേഷ്ഠ രാജാക്കൻമാരുടേയും രാജാവാക്കുന്നു. പറയുന്നു ഈ മായയുടെ മേൽ വിജയം നേടുകയാണെങ്കിൽ നിങ്ങൾ രാജകുമാരനും രാജകുമാരിയുമാകും. കണക്ക് കൂട്ടണം-ക്രിസ്തുവിന് 3000 വർഷം മുൻപ് ഭാരതം 16 കലാ സമ്പൂർണ്ണ ശ്രേഷ്ഠാചാരിയായിരുന്നു. ഭാരതം സ്വർണ്ണത്തിന്റെ പക്ഷിയായിരുന്നു. ഏതുപോലെയാണോ രാജാവും-റാണിയും അതുപോലെ പ്രജയും സത്യയുഗത്തിൽ സദാ സുഖിയായിരുന്നു പിന്നീട് എപ്പോഴാണോ രാവണ രാജ്യം ആരംഭിക്കുന്നത് അപ്പോൾ ഭ്രഷ്ടാചാരിയാകാൻ തുടങ്ങുന്നു. സ്വയം തന്നെ പറയുന്നു ഞങ്ങളുടെ ഓഫീസർമാരിൽ അഴിമതിക്കാരുണ്ട്. പ്രജകളിൽ ഭ്രഷ്ടാചാരമുണ്ടെന്ന് പറയാൻ ഇവിടെ രാജാവോ-റാണിയോ ഇല്ല. ഇവിടെയാണെങ്കിൽ പ്രജയുടെ മേൽ പ്രജയുടെ രാജ്യമാണ്. എല്ലാവരും ഭ്രഷ്ടാചാരികളാണ്. ആദ്യം ഗവൺമെന്റ് ശ്രേഷ്ഠാചാരിയാകണം. അവരെ ആരാക്കും? ഇപ്പോൾ നിങ്ങൾ പാവപ്പെട്ട പെൺകുട്ടികൾ നമ്പറനുസരിച്ച് പാവനമായിക്കൊണ്ടിരിക്കുന്നു. ബാബ പറയുന്നു ഞാൻ വന്ന് എല്ലാവരേയും ശ്രേഷ്ഠാചാരിയാക്കുന്നു. ഡ്രാമയനുസരിച്ച് ഈ എല്ലാ കളികളും ഉണ്ടാക്കിയിട്ടുണ്ട്. വീണ്ടും അതേ ഗീതയും ചിത്രങ്ങളും മുതലായവ തന്നെ വരും. ഇപ്പോൾ ബംഗാളിൽ കാളിയുടെ ക്ഷേത്രമുണ്ട്. കാളിമാതാ-മാതാ എന്ന് വിളിച്ച് പ്രാണൻ ത്യജിക്കുന്നു. ഇപ്പോൾ ഇങ്ങനെയുള്ള കാളി അമ്മ അഥവാ ചണ്ഢികാ ദേവി എവിടെ നിന്നാണ് വന്നത്? പേരേ നോക്കൂ എങ്ങനെയാണ്. ആരാണോ ഓടിപ്പോകുന്നത് അവർ പ്രജയിലും ചണ്ഢാലനാകുന്നു.എന്നാൽ ആരാണോ ഇവിടെ കഴിഞ്ഞ് വികർമ്മം മുതലായവ ചെയ്യുന്നത് അവർ റോയൽ കുടുംബത്തിന്റെ ചണ്ഢാലനാകുന്നു. എന്നാലും അന്തിമത്തിൽ അവർക്ക് കിരീടവും വസ്ത്രവും ലഭിക്കുന്നു എന്തുകൊണ്ടെന്നാൽ ഇവിടെ മടിത്തട്ടെടുത്തില്ലേ, അതുകൊണ്ടാണ് ചണ്ഢികാ ദേവിയുടെ പൂജയുണ്ടാകുന്നത്. ജ്ഞാനം വളരെ ഗുഹ്യമാണ് എന്നാൽ എന്തെങ്കിലും ധാരണ ചെയ്യണം. ഏതുപോലെയാണോ വക്കീലൻമാരിൽ ചിലർ ലക്ഷം സമ്പാദിക്കുന്നു, ചിലരുടേതാണെങ്കിൽ കോട്ട് പോലും കീറിയതാണ്. ഇതും പരിധിയില്ലാത്ത പഠിത്തമാണ്. ബാബ എന്താണോ വിസ്താരത്തിൽ മനസ്സിലാക്കി തന്നത് അതിനെ സാരത്തിലേക്ക് കൊണ്ട് വന്ന് 5 മിനിറ്റിന്റെ ഭാഷണമാക്കി പത്രത്തിലിടണം. ഇതും ചോദിക്കണം ഹിന്ദു ധർമ്മം ആരാണ് സ്ഥാപിച്ചത്? അപ്പോൾ പറയാൻ സാധിക്കില്ല. ഒന്നും അറിയില്ല. നിങ്ങൾ ശക്തികളുടെ ചലനം ഇങ്ങനെ ഗംഭീരമായിരിക്കണം ഏതുപോലെയാണോ മയിലിന്റേത്. വായിലൂടെ രത്നങ്ങൾ വന്നുകൊണ്ടിരിക്കണം, കല്ലല്ല. അവരാണെങ്കിൽ കല്ലെറിയും. നിങ്ങളൊരിക്കലും കല്ലെറിയരുത്. പേര് മോശമാക്കരുത്. ശരി.

മധുര-മധുരമായ കളഞ്ഞു പോയി തിരിച്ച് കിട്ടിയ കുട്ടികൾക്ക് മാതാവും-പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**രാത്രി ക്ലാസ്സ്:-** ഇവിടെ നല്ലതും-മോശവുമായ മനുഷ്യരുണ്ട്. സത്യയുഗത്തിൽ ഇങ്ങനെയുള്ള വാക്കേ വരില്ല. മോശം അല്ലെങ്കിൽ പാപ ആത്മാ എന്ന ശബ്ദമേ വരില്ല. അതാണ് നിർവ്വികാരി ലോകം. കുട്ടികൾക്കറിയാം- നമ്മൾ വിശ്വത്തിന്റെ അധികാരികളായിരുന്നു. ഈ ഭാരതം ഇത് ദേവീ-ദേവതകളുടെ രാജസ്ഥാനായിരുന്നു, ഇപ്പോൾ പഴയതാണ്. മനുഷ്യർക്കറിയില്ല- ഇതാണ് സംഗമയുഗമെന്ന്. ഇപ്പോൾ ഇവിടെ നിന്ന് നങ്കൂരം എടുത്തിരിക്കുകയാണ്. നമ്മൾ ഈ ലോകത്ത് നിന്ന് അക്കരയ്ക്ക് പോകുകയാണ്. തോണിക്കാരനല്ലേ. തോണികളെ അക്കരയ്ക്ക് കൊണ്ടുപോകുകയാണ്. കുട്ടികളുടെ ബുദ്ധിയിലുണ്ട് - വളരെ നഷ്ടം അനുഭവിച്ചു. ഭക്തരറിയുന്നില്ല നമ്മൾ നഷ്ടം അനുഭവിക്കുകയാണെന്ന്. അവരാണെങ്കിൽ ദൂരെ-ദൂരേക്ക് പേകുന്നു. നിങ്ങൾ കുട്ടികൾക്ക് കേവലം ഓർമ്മിക്കണം. ഇങ്ങനെയാകരുത് അതായത് ഞങ്ങൾ ഓർമ്മിച്ച് ക്ഷീണിച്ച് പോകുന്നു. എന്നാൽ മായ വിഘ്നമിടുന്നു. ആത്മാവ് തന്നെയാണ് പരമാത്മാവിന്റെ പ്രിയതമയാകുന്നത്- ഇതാരും അറിയുന്നില്ല. പരമാത്മാവ് പ്രിയതമനാണ്. അതുകൊണ്ട് കുട്ടികളിലും ചില വളരെ പ്രിയതമകളുണ്ട്, പ്രിയതമനെ ഓർമ്മിക്കുന്നവരായി. പുരുഷാർത്ഥം ചെയ്യണം- ഞങ്ങൾ

നിരന്തരം ഓർമ്മിച്ചുകൊണ്ടിരിക്കും. സ്മരണ എന്ന അക്ഷരം പോലും ഭക്തിമാർഗ്ഗത്തിന്റേതാണ്. നമ്മൾ ബാബയെ ഓർമ്മിക്കുകയാണ്. പ്രവൃത്തി മാർഗ്ഗത്തിന്റെ ശബ്ദമാണ് ഓർമ്മ. വളരെ മധുരവുമാണ്. പറയുന്നു ഞങ്ങൾ മറന്ന് പോകുന്നു. ഞാൻ അച്ഛനെ മറന്നു പോകുന്നെന്ന് ഒരു കുട്ടിക്കും പറയാൻ സാധിക്കില്ല. ഓർമ്മയാണെങ്കിൽ വളരെ നല്ലതുമാണ്. സ്വയത്തോട് സംസാരിക്കണം. നിങ്ങൾ മാതാ-പിതാവിന്റെ സന്മുഖത്താണിരിക്കുന്നത്. സന്തോഷവും ഉണ്ടായിരിക്കണം. ആർക്ക് വേണ്ടിയാണോ പറഞ്ഞിരുന്നത്- നീ തന്നെയാണ് മാതാവും-പിതാവും.... ശരിക്കും നമ്മൾ സമ്പത്ത് നേടിക്കൊണ്ടിരിക്കുകയാണ്. ഓർമ്മയുടെ തന്നെ പരിശ്രമമാണുള്ളത്. നിങ്ങളുടേത് വലിയ സമ്പാദ്യമാണ്, വളരെ വലിയ പ്രാപ്തിയാണ്. കേവലം നിശബ്ദമായിരുന്ന് ഓർമ്മിക്കണം. ശരി.

**2**-നിങ്ങൾ ബ്രാഹ്മണ കുട്ടികൾക്കല്ലാതെ ആർക്കും തന്നെ ഇതറിയില്ല സംഗമയുഗം എപ്പോഴാണുണ്ടാകുന്നത്. ഈ കല്പത്തിന്റെ സംഗമയുഗത്തിന്റെ മഹിമ വളരെ വലുതാണ്. ബാബ വന്ന് രാജയോഗം പഠിപ്പിക്കുന്നു. സത്യയുഗത്തിന് വേണ്ടി തീർച്ചയായും സംഗമയുഗത്തിൽ തന്നെയാണ് വരിക. അതും മനുഷ്യരാണ്. അതിൽ ചിലർ കനിഷ്ഠരും, ചിലർ ഉത്തമരുമാണ്. അവരുടെ മുന്നിലാണ് മഹിമ പാടുന്നത് അങ്ങ് പുരുഷോത്തമനാണ് ഞങ്ങൾ കനിഷ്ടരാണ്.താങ്കൾ തന്നെ പറയുന്നു, ഞാൻ അങ്ങനെയാണ്, ഇങ്ങനെയാണ് എന്നെല്ലാം.

ഇപ്പോൾ ഈ പുരുഷോത്തമ സംഗമയുഗത്തെ നിങ്ങൾ ബ്രാഹ്മണർക്കല്ലാതെ ആർക്കും അറിയില്ല. മനുഷ്യർ അറിയത്തക്ക വിധം ഇതിനെ എങ്ങനെ പരസ്യപ്പെടുത്തും. സംഗമയുഗത്തിൽ ഭഗവാൻ തന്നെയാണ് വന്ന് രാജയോഗം പഠിപ്പിക്കുന്നത്. നിങ്ങൾക്കറിയാമല്ലോ ഞങ്ങൾ രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണെന്ന്. മനുഷ്യർ അറിയുന്നതിനായി ഇപ്പോൾ ഇങ്ങനെ എന്ത് യുക്തി രചിക്കും. എന്നാൽ മെല്ലേയേ നടക്കൂ. ഇപ്പോഴും സമയമുണ്ട്. വളരെ കഴിഞ്ഞുപോയി കുറച്ചേ ബാക്കിയുള്ളൂ.... നമ്മൾ പറയുകയാണെങ്കിൽ മനുഷ്യർ പെട്ടെന്ന് പുരുഷാർത്ഥം ചെയ്യും. ജ്ഞാനം സെക്കന്റിലാണ് ലഭിക്കുന്നത്, അതിലൂടെ നിങ്ങൾ അതേ സമയം ജീവൻ മുക്തിയും നേടും. എന്നാൽ നിങ്ങളുടെ തലയിൽ അരകൽപത്തിന്റെ പാപമുണ്ട്, അത് ഒരിക്കലും സെക്കന്റിൽ മുറിയുകയില്ല. ഇതിലാണെങ്കിൽ സമയമെടുക്കുന്നുണ്ട്. മനുഷ്യർ മനസ്സിലാക്കുന്നത് ഇനിയും സമയമുണ്ട്, അപ്പോൾ നമ്മളിനി ബ്രഹ്മാകുമാരിമാരുടെ അടുത്തേക്ക് എന്തിന് പോകണം. ഭാഗ്യത്തിലില്ലെങ്കിൽ സന്ദേശത്തിൽ നിന്ന് പോലും തലതിരിഞ്ഞതെടുക്കുന്നു. നിങ്ങൾക്കറിയാം ഇത് പുരുഷോത്തമനാകാനുള്ള യുഗമാണ്. വജ്രസമാനമെന്ന മഹിമയുണ്ട്. പിന്നെ കുറഞ്ഞുവരുന്നു. ഗോൾഡൻ ഏജ്, സിൽവർ ഏജാകുന്നു. ഈ സംഗമയുഗമാണ് ഡയമൺഡ് ഏജ്. സത്യയുഗം ഗോൾഡൻ ഏജാണ്. ഇത് നിങ്ങൾക്കറിയാം സ്വർഗ്ഗത്തെക്കാളും ഈ സംഗമമാണ് നല്ലത്, വജ്ര സമാന ജന്മമാണ്. അമരലോകത്തിന്റെ മഹിമയില്ലേ. പിന്നീട് കുറഞ്ഞ് വരുന്നു. അതുകൊണ്ട് ഇതും എഴുതാൻ സാധിക്കും പുരുഷോത്തമ സംഗമയുഗമാണ് ഡയമൺഡ്, സത്യയുഗമാണ് ഗോൾഡൻ, ത്രേതായാണ് സിൽവർ. . . . ഇതും നിങ്ങൾക്ക് മനസ്സിലാക്കികൊടുക്കാൻ സാധിക്കും- സംഗമത്തിൽ തന്നെയാണ് മനുഷ്യനിൽ നിന്ന് ദേവതയാകുന്നത്. 8 രത്നങ്ങളുടെ മോതിരമുണ്ടാക്കുന്നുണ്ട്, അപ്പോൾ വജ്രത്തെ നടുവിലാണ് വയ്ക്കാറുള്ളത്. സംഗമത്തിന് പകിട്ടുണ്ട്. സംഗമയുഗം തന്നെയാണ് വജ്ര സമാനം. വജ്രത്തിന്റെ മഹിമ സംഗമയുഗത്തിനാണ്. യോഗം മുതലായവ പഠിപ്പിക്കുന്നുണ്ട്, അതിനെ ആത്മീയ യോഗമെന്നും പറയുന്നുണ്ട്. എന്നാൽ ആത്മീയമായത് അച്ഛൻ മാത്രമാണ്. ആത്മീയ അച്ഛനും, ആത്മീയ ജ്ഞാനവും സംഗമത്തിൽ മാത്രമാണ് ലഭിക്കുന്നത്. മനുഷ്യർ ആരിലാണോ ദേഹ-അഹങ്കാരമുള്ളത്, അവർ ഇത്രയും പെട്ടെന്ന് എങ്ങനെ അംഗീകരിക്കും. പാവപ്പെട്ടവർ മുതലായവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. അതുകൊണ്ട് ഇതും എഴുതണം സംഗമയുഗമാണ് ഡയമൺഡ്. ഇതിന്റെ ആയുസ്സ് ഇത്രയാണ്. സത്യയുഗമാണ് ഗോൾഡൻ ഏജ്, അതിന്റെ ആയുസ്സ് ഇത്രയാണ്. ശാസ്ത്രങ്ങളിലും സ്വസ്തിക കാണിക്കുന്നുണ്ട്. അതുകൊണ്ട് നിങ്ങൾ കുട്ടികൾക്കും ഈ ഓർമ്മ ഉണ്ടെങ്കിൽ എത്ര സന്തോഷമുണ്ടായിരിക്കണം. വിദ്യാർത്ഥികൾക്ക് സന്തോഷമുണ്ടായിരിക്കാറില്ലേ. വിദ്യാർത്ഥി ജീവിതമാണ് ഏറ്റവും നല്ല ജീവിതം. ഇത് വരുമാനത്തിന്റെ ഉറവിടമാണ്. ഇതാണ് മനുഷ്യനിൽ നിന്ന് ദേവതയാകുന്നതിനുള്ള പാഠശാല. ദേവതകളായിരുന്നു വിശ്വത്തിന്റെ അധികാരികൾ. ഇതും നിങ്ങൾക്കറിയാം. അതുകൊണ്ട് അളവറ്റ സന്തോഷമുണ്ടായിരിക്കണം. അതുകൊണ്ടാണ് മഹിമയുള്ളത് അതീന്ദ്രിയ സുഖം അറിയണമെങ്കിൽ ഗോപീ വല്ലഭന്റെ ഗോപ-ഗോപികമാരോട് ചോദിക്കൂ. ടീച്ചർ അന്ത്യം വരെ പഠിപ്പിക്കുന്നുണ്ടെങ്കിൽ അന്ത്യം വരെ ഓർമ്മിക്കുകയും വേണം. ഭഗവാൻ പഠിപ്പിക്കുന്നു പിന്നീട് കൂടെ കൊണ്ടുപോകുകയും ചെയ്യും. വിളിക്കുന്നുമുണ്ട് മുക്തിദാതാ, വഴികാട്ടി എന്നെല്ലാം. ദുഃഖത്തിൽ നിന്ന് മോചിപ്പിക്കൂ. സത്യയുഗത്തിൽ ദുഃഖം ഉണ്ടായിരിക്കുകയേ ഇല്ല. പറയുന്നുണ്ട് വിശ്വത്തിൽ ശാന്തി വരണം, പറയൂ മുൻപ് എപ്പോഴായിരുന്നു ഉണ്ടായിരുന്നത്? അത് ഏത് യുഗമായിരുന്നു? ആർക്കും അറിയില്ല. രാമ രാജ്യമാണ് സത്യയുഗം, രാവണ രാജ്യമാണ് കലിയുഗം. ഇതറിയാമല്ലോ. കുട്ടികൾക്ക് അനുഭവം കേൾപ്പിക്കണം. കേവലം ഹൃദയത്തിന്റെ കാര്യം കേൾപ്പി

ക്കണം അത്രമാത്രം. പരിധിയില്ലാത്ത അച്ഛൻ, പരിധിയില്ലാത്ത ചക്രവർത്തീ പദവി തരുന്ന ആളെ ലഭിച്ചു വേറെന്ത് അനുഭവം കേൾപ്പിക്കാനാണ്. വേറെ ഒരു കാര്യവും തന്നെയില്ല. ഇതുപോലെയുള്ള സന്തോഷം വേറെ ആർക്കും തന്നെ ഉണ്ടായിരിക്കില്ല. ഒരിക്കലും ആരോടും പിണങ്ങി വീട്ടിലിരിക്കരുത്. ഇത് തന്റെ ഭാഗ്യത്തിനോട് പിണങ്ങുന്നതു പോലെയാണ്. പഠിത്തത്തോട് പിണങ്ങിയാൽ പിന്നെന്ത് പഠിക്കും! ബാബയ്ക്ക് പഠിപ്പിക്കുക തന്നെ വേണം- ഈ ബ്രഹ്മാവിലൂടെ. അതുകൊണ്ട് ആരോടും ഒരിക്കലും പിണങ്ങരുത്. ഇതാണ് മായ. യജ്ഞത്തിൽ അസുരൻമാരുടെ വിഘ്നം ഉണ്ടാകാറില്ലേ. ശരി.

മധുര-മധുരമായ ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛൻ അല്ലെങ്കിൽ മുത്തച്ഛന്റെ സ്നേഹ സ്മരണകളും ശുഭരാത്രിയും. ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛന്റെ നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) ശ്രീമതത്തിലൂടെ ശ്രേഷ്ഠാചാരിയായി ശ്രേഷ്ഠാചാരിയാക്കുന്നതിന്റെ സേവനം ചെയ്യണം. പേര് ചീത്ത യാക്കുന്ന തരത്തിലുള്ള ഒരു പെരുമാറ്റവും ഉണ്ടാകരുത്.

2) പരിധിയില്ലാത്ത ഗുഹ്യമായ പഠിത്തത്തെ വിസ്താരത്തിൽ കേട്ട് അതിനെ സാരത്തിലേക്കൊതുക്കി മറ്റു ള്ളവരുടെ സേവനം ചെയ്യണം. ശ്രീമതത്തിൽ പൂർണ്ണമായ ശ്രദ്ധ നൽകണം.

### വരദാനം:- തന്റെ കർമ്മത്തിലൂടെയും സ്ഥിതിയിലൂടെയും ബ്രഹ്മാബാബയെ സ്പഷ്ടമായി കാണിക്കുന്ന മാസ്റ്റർ ബ്രഹ്മാവായി ഭവിക്കൂ

ഏതുപോലെയാണോ ബ്രഹ്മാ ബാബയുടെ നിജ സംസ്ക്കാരം "ആദ്യം താങ്കൾ" ആയിരുന്നത്. ഏത് സ്ഥലത്തും ആദ്യം കുട്ടികൾ, ഓരോ കാര്യത്തിലും കുട്ടികളെ തന്നെക്കാളും മുന്നിൽ വച്ചു. എന്നാൽ പേരിന് മാത്രമല്ല, ശുഭചിന്തകന്റെ ഭാവനയോടെ വച്ചു. അവർ ചെയ്താലും ബാബയുടെ സേവനം, ഞാൻ ചെയ്താലും ബാബയുടെ സേവനം. ഞാൻ മുന്നേറാം, അങ്ങനെയല്ല. മറ്റുള്ളവരെ മുന്നോട്ടുയർത്തി മുന്നേറൂ. എപ്പോൾ ഈ ഭാവന ഓരോരുത്തരിലും വരുന്നോ അപ്പോൾ പറയും മാസ്റ്റർ ബ്രഹ്മാ. പിന്നീട് ഇങ്ങനെ ആരും പറയില്ല ഞങ്ങൾ ബ്രഹ്മാവിനെ കണ്ടിട്ടില്ല. താങ്കളുടെ കർമ്മം, താങ്കളുടെ സ്ഥിതി ബ്രഹ്മാവിനെ സ്പഷ്ടമായി കാണിക്കും.

### സ്ലോഗൻ:- ഏകാഗ്രതയുടെ ദൃഢ സങ്കൽപത്തിലൂടെ സാഗരത്തിന്റെ അടിത്തട്ടിലേക്ക് പോകൂ എങ്കിൽ അനുഭവങ്ങളുടെ വജ്രവും മുത്തും പ്രാപ്തമാകും.